# ദുഃഖവെള്ളി

## വചന വിചിന്തനം

ലൂക്കാ 22,63-23,12

***ദുഃഖവെള്ളി ഒരു ഓർമ്മപ്പെടുത്തലാണ്... കുറ്റം ചെയ്യാത്തവനും ക്രൂശിക്കപ്പെടാം എന്നുള്ള ഓർമ്മപ്പെടുത്തൽ! ഒപ്പം, ദുഃഖവെള്ളി ഒരു സാധ്യതയുമാണ്... സഹനങ്ങളെ സംയമനത്തോടെ സഹിക്കുന്നവൻ കർത്താവിനോട് കൂടെ പറുദീസായിലായിരിക്കുമെന്ന സാധ്യത!***

"കുരിശിൽ കിടക്കുന്ന നല്ല കള്ളന്റെ സഹനം പഠിപ്പിക്കുന്ന വലിയ സത്യം, വേദനിക്കുന്നവരാരും തനിച്ചല്ല എന്നുള്ള വലിയ ഓർമ്മപ്പെടുത്തലാണ്."

ഇസ്രായേൽ ഭവനങ്ങളിൽ, പെസഹായുടെ ഒരുക്കസായാഹ്നത്തിൽ, ബലിമൃഗങ്ങൾ നിലവിളിച്ചു പിടഞ്ഞു വീണപ്പോൾ കാൽവരിയിലെ മരക്കുരിശിൽ ആകാശത്തിനും ഭൂമിക്കും മദ്ധ്യേ കിടന്ന് ദൈവത്തിന്റെ കുഞ്ഞാടും മരണവേദനയാൽ പിടയുകയായിരുന്നു. ക്രിസ്തു അന്നും ഇന്നും എന്നും പറഞ്ഞ് വയ്ക്കുന്നത് ഒന്നുമാത്രം;

"ഇതാണ് എന്റെ കൽപന: ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കണം. സ്നേഹിതർക്കുവേണ്ടി ജീവൻ അർപ്പിക്കുന്നതിനെക്കാൾ വലിയ സ്നേഹം ഇല്ല" (യോഹ 15,12-13).

ലോകം മുഴുവൻ ക്രിസ്തുവിന്റെ മരണത്തിന്റെ ഓർമ്മകളിലൂടെ കടന്നു പോകുന്ന ദിനമാണ് ദുഃഖവെള്ളി. അലങ്കാരങ്ങളും ആഢംബരങ്ങളും അഴിച്ചുവച്ച അൾത്താരകളും, മരമണിയാൽ അന്ധരീക്ഷത്തെ ശോകമയമാക്കുന്ന കാഴ്ച്ചകളും, വാക്കിലും വസ്ത്രധാരണത്തിലും മിതത്വം പുലർത്തുന്ന പ്രഭാതവും... ചുരുക്കത്തിൽ, ദുഃഖവെള്ളി ദുഃഖം ഘനീഭവിക്കുന്ന പീഢാനുഭവസ്മരണകളിലേയ്ക്ക് നമ്മളെ കൂട്ടി കൊണ്ടുപോകുന്നുണ്ട്. ദുഃഖവെള്ളി നമ്മളെ ദുഃഖിപ്പിക്കുന്ന ദിനമാണ്. കാരണം, അനന്തമായ പീഢകൾ സഹിച്ച് നിൽക്കുന്ന ക്രിസ്തു... സഹായിക്കാൻ ആരുമില്ലാതെ, ഒരാശ്വാസവാക്കുപ്പോലും ഉച്ചരിക്കാൻ ആരുമില്ലാതെ പഥികനായ് കൊലകളത്തിലേയ്ക്ക് ആനയിക്കപ്പെടുന്ന ക്രിസ്തു... ഓറസ്ലേം സ്ത്രീകളുടെ കരച്ചിൽ അലയടിയായ് കാതിൽ പതിക്കുമ്പോൾ അവരെ ആശ്വസിപ്പിക്കാൻ വിതുമ്പുന്ന ക്രിസ്തു... കുരിശിൻ ചുവട്ടിൽ നിൽക്കുന്ന അമ്മയെ ആരെ ഭരമേൽപ്പിക്കണം എന്നറിയാതെ തരിച്ചുനിൽക്കുന്ന ക്രിസ്തു... അൽഭുതങ്ങൾ സ്വന്തമാക്കിയവരും അവയുടെ ഫലമനുഭവിച്ചവരും അവനെ ക്രൂശിക്കുക എന്നു പറഞ്ഞ് നിന്ദിക്കുന്ന അവസ്ഥ... ചുരുക്കത്തിൽ, ദുഃഖവെള്ളി നമ്മളെ ദുഃഖിപ്പിക്കുന്ന ദിനമാണ്. എന്നിട്ടും, ദുഃഖവെള്ളിയെ നാം "ഗുഡ് ഫ്രൈഡേ" ആക്കി. കാരണം, അവനിൽ വിശ്വസിക്കുന്ന ഒരുവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനുവേണ്ടി, തന്റെ ഏകജാതനെ മരണത്തിന് ഏൽപ്പിച്ച് നൽകാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു എന്നുള്ള തിരിച്ചറിവ്.

ക്രിസ്തു എന്തു പഠിപ്പിച്ചുവോ അത് ജീവിതത്തിലൂടെ കാണിച്ച് തന്ന ദിനമാണ് ദുഃഖവെള്ളി. വചനത്തിന്റെ താളുകൾ മറിക്കുമ്പോൾ ക്രിസ്തു നൽകുന്ന കൽപന ഇപ്രകാരമാണ്. "ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കണം. സ്നേഹിതർക്കുവേണ്ടി ജീവൻ അർപ്പിക്കുന്നതിനെക്കാൾ വലിയ

സ്നേഹം ഇല്ല" (യോഹ 15,12-13). കുറച്ച് ദിവസങ്ങൾക്ക് മുമ്പ് (2015) പത്രതാളുകളിൽ നിറഞ്ഞ് നിന്നിരുന്ന വാർത്ത സെമിനാരിക്കാരനായ നിഖിൽ ജോർജ്ജിനെ കുറിച്ചാണ്. "പന്ത്രണ്ടു വയസ്സുള്ള അൾത്താര ബാലന്റെ ജീവൻ രക്ഷിയ്ക്കാൻ സ്വന്തം ജീവൻ സമർപ്പിച്ച ബ്രദർ നിഖിൽ."

"സാൻജുവാന ഭവൻ" എന്ന എറണാകുളത്തെ കർമലീതസഭയുടെ മൈനർ സെമിനാരിയിൽ 20 അടിയിലേറെ താഴ്ചയുള്ള കുളത്തിൽ സ്വന്തം ജീവൻ ബ്രദർ നിഖിൽ നല്കിയത് അൾത്താര ബാലനെ രക്ഷിക്കുന്നതിന് വേണ്ടിയിട്ടായിരുന്നു. റീജന്റ് ബ്രദറിന്റെ വിയോഗത്തിൽ നെഞ്ചുപിടയുന്ന മാതാപിതാക്കൾക്കും സമർപ്പിതർക്കും സഹോദരങ്ങൾക്കും ആശ്വസിപ്പിക്കാനായ് അന്നു നടത്തിയ ചരമപ്രസംഗത്തിൽ പറഞ്ഞ ഏതാനും ചില വരികൾ ഇപ്രകാരമാണ്;

"ബ്രദറിന്റെ വിയോഗത്തിൽ നെഞ്ചു പിടയുന്ന മാതാപിതാക്കളെ, സഹോദരങ്ങളെ, നിങ്ങൾ ക്രിസ്തുവിനായി നിങ്ങളുടെ മകനെ നല്കി , നിങ്ങളുടെ മകൻ ക്രിസ്തുവിനായി സ്വയം നല്കി. സമർപ്പണത്തിന്റെ പൂർണത ഇതാണ്..."

"സമർപ്പിതരെ, ഇതാണു സമർപ്പണം, ദൈവത്തിനായി സമർപ്പിച്ചവർ സ്വയം ഏറ്റെടുക്കേണ്ട വെല്ലുവിളിയുടെ സമർപ്പണം..."

"22-ാം വയസ്സിൽ മരിച്ച ജോൺ ബെർക്കമൻസിനെ അൾത്താരാ പരിപാലകരുടെ മദ്ധ്യസ്തനാക്കിയ ദൈവം 23-ാം വയസ്സിൽ അൾത്താരാ പരിപാലകനായി ജീവൻ സമർപ്പിച്ച ബ്രദർ നിഖിലിനേയും വിശുദ്ധരുടെ ഗണത്തിലേക്കുയർത്തും... കാരണം, സഹനത്തെ ബോധപൂർവ്വം ഏറ്റെടുത്തവനാണ് ബ്രദർ നിഖിൽ."

"നീ ഇന്ന് എന്നോടുകൂടെ പറുദീസായിൽ ആയിരിക്കും..." മാനസാന്തരത്തിന് യോജിച്ച ഫലങ്ങൾ സമ്മാനിച്ചാൽ ക്രിസ്തു വച്ചുനീട്ടുന്ന ഇടത്തിന്റെ പേരാണ് പറുദീസ....

സ്നേഹിതർക്കുവേണ്ടി ജീവൻ അർപ്പിക്കുന്നതിനെക്കാൾ വലിയ സ്നേഹം ഇല്ല എന്നരുൾ ചെയ്ത ക്രിസ്തു ഈ വചനത്തിന് സാക്ഷ്യം നൽകിയത് സ്വന്തം ജീവിതം കൊണ്ടുതന്നെയാണ്. ഈ ജീവിതത്തെ തന്നെയാണ് ബ്രദർ നിഖിൽ അനുകരിച്ചതും. ചുരുക്കത്തിൽ, കുരിശിൽ കിടന്നുകൊണ്ട് ക്രിസ്തു കാണിച്ചുതന്നതും പഠിപ്പിച്ച് തന്നതും ഒന്നുമാത്രമാണ്. "സ്നേഹിതർക്കുവേണ്ടി ജീവൻ അർപ്പിക്കുന്നതിനെക്കാൾ... സഹിക്കുന്നതിനേൽ... വലിയ സ്നേഹം ഇല്ല!" വ്യക്തിജീവിതത്തിലേയ്ക്കും കുടുംബജീവിതത്തിലേയ്ക്കും സമൂഹജീവിതത്തിലേയ്ക്കും കണ്ണോടിക്കുക. പ്രിയപ്പെട്ടവർക്കുവേണ്ടി സഹിക്കാൻ ആകാശം മുട്ടെ ഉയരത്തിൽ നിൽക്കുന്ന മനസ്സും ഹൃദയവും എനിക്കുണ്ടോ? അതോ, എന്റെ വ്യക്തി താത്പര്യത്തിനും സ്വന്തം സുഖത്തിനും സന്തോഷത്തിനുമാണോ ഞാൻ കൂടുതൽ പ്രാധാന്യം നൽകുന്നത്?

എട്ടു വയസ്സുള്ള ഒരു പെൺകുട്ടി ഒരു ദിവസം വീട്ടിൽ ഭക്ഷണം കഴിക്കാൻ വലിയ മടിയാണ്. ആ കുട്ടിയെ ഭക്ഷണം കഴിപ്പിക്കുക എന്ന ചുമതല ആ കുട്ടിയുടെ അമ്മ അച്ഛന്റെ തലയിൽ വച്ചു കൊടുത്തു. അച്ഛൻ പുന്നാരിച്ച് മകളെ കൊണ്ട് ഭക്ഷണം കഴിപ്പിക്കാൻ ഉള്ള ശ്രമം തുടങ്ങി.

മകൾ പറഞ്ഞു, "ഞാൻ പറയുന്നത് ചെയ്യാം എന്ന് അച്ഛൻ പ്രോമിസ് ചെയ്താൽ ഞാൻ ഭക്ഷണം കഴിക്കാം."

അപ്പൻ തിരിച്ച് പറഞ്ഞു, "വലിയ കാശ് ചെലവുള്ള ആഗ്രഹങ്ങൾ അല്ലെങ്കിൽ നടത്തി തരാം."

"എൻറെ തല മൊട്ടയടിക്കണം," ആ കുട്ടി പറഞ്ഞു.

കേട്ട വഴി അമ്മ വന്ന് ഈ ഭ്രാന്തൊന്നും സമ്മതിച്ചു കൊടുക്കരുത് എന്ന് അച്ഛനോട് പറഞ്ഞു. പക്ഷെ കുട്ടി വാശി പിടിച്ചു. അച്ഛൻ അതോടെ ആ പ്രോമിസ് ചെയ്തു, ഭക്ഷണം കഴിച്ചാൽ മൊട്ടയടിക്കാം. ആ കുട്ടി ആവേശത്തോടെ ഭക്ഷണം കഴിച്ചു. ഭക്ഷണം കഴിഞ്ഞപ്പോൾ അച്ഛന് ഒരു വിഷമം. മകളെ തിരുത്താൻ ശ്രമം തുടങ്ങി. "മോൾക്ക് എന്ത് നല്ല മുടിയാണ്... എന്തിനാ അത് കളയുന്നത്... വേണ്ട മോളെ..." എന്ന പതിവ് പുന്നാര ശൈലിയിൽ അച്ചൻ പറഞ്ഞു നോക്കി.

"കൊച്ചു പിള്ളേർ അങ്ങനെ പറയും, അതൊന്നും കേൾക്കണ്ട," എന്ന് അമ്മ ഒറ്റ വാശി. "ഞാൻ പ്രോമിസ് ചെയ്തതല്ലേ? അത് നടത്തിയില്ലെങ്കിൽ അവൾക്ക് നമ്മളോടുള്ള വിശ്വാസം അല്ലെ പോകുക? മുടിയല്ലേ, അത് വീണ്ടും വന്നോളും" എന്ന് പറഞ്ഞ് അച്ഛൻ മകളുടെ തല ക്ലീൻ ഷേവ് അടിച്ചു.

പിറ്റേന്ന് അവളെ അച്ഛൻ സ്കൂളിൽ കൊണ്ടുപോയി ആക്കി. അന്നേരം ഒരു കാർ അവരുടെ അടുത്തായി വന്നു നിന്നു. ഒരു അമ്മയും എട്ടു വയസ്സ് തോന്നിക്കുന്ന മകളും ആ കാറിൽ നിന്നിറങ്ങി. ആ മകളുടെ തലയും ഇതുപോലെ ക്ലീൻഷേവ് കണ്ട് ഈ അച്ഛൻ അത്ഭുതപ്പെട്ടു. ആ കുട്ടി ഇറങ്ങിയ ഉടനെ ഈ അച്ഛന്റെ മകളുടെ അടുത്തേക്ക് സന്തോഷത്തോടെ ഓടി വന്നു. അവർ സഹപാഠികളും സുഹൃത്തുക്കളും ആണെന്ന് അവരുടെ സംസാരത്തിൽ നിന്നും പെരുമാറ്റത്തിൽ നിന്നും വ്യക്തമായിരുന്നു. അപ്പോൾ ആ അമ്മ വന്ന് ഈ അച്ഛനോട് ചോദിച്ചു;

"ഇത് അങ്ങയുടെ മകളാണോ?" അതെ എന്ന് പറഞ്ഞപ്പോൾ, ആ അമ്മ കണ്ണ് നിറഞ്ഞു പറഞ്ഞു, "നിങ്ങളുടെ മകൾ വലിയ ഒരു മനസ്സുള്ളവളാണ്..."

സംശയത്തോടെ അച്ഛൻ ആ സ്ത്രീയുടെ നേരെ നോക്കുമ്പോൾ ആ അമ്മ പറഞ്ഞു;

"എന്റെ മകൾക്ക് ക്യാൻസർ ആണ്. കീമോതെറാപ്പി ചെയ്തു തലമുടി ഷേവ് ചെയ്തപ്പോൾ അവൾക്ക് വലിയ വിഷമം ആയിരുന്നു. എല്ലാവരും നോക്കുന്നതുകൊണ്ട് ഇനി സ്കൂളിൽ പോകില്ല എന്ന് പറഞ്ഞു വാശി പിടിച്ചു. ആ വാശി നിങ്ങളുടെ മകൾ അറിഞ്ഞപ്പോൾ, താനും തല മൊട്ടയടിച്ച് നാളെ വരാം... അപ്പൊ ഞാൻ കൂട്ടുണ്ടല്ലോ എന്ന് പറഞ്ഞു. സ്കൂളിൽ വരാതിരിക്കരുത് എന്നും പറഞ്ഞു. അതുകൊണ്ട് മാത്രമാണ് എൻറെ മകൾ വീണ്ടും സ്കൂളിലേക്ക് വരാൻ സമ്മതിച്ചതും."

തൊഴുകയ്യോടെ ആ അമ്മ ഈ കാര്യം പറഞ്ഞപ്പോൾ, അച്ഛൻ എന്ത് പറയണം എന്നറിയാതെ മകളെ കുറിച്ച് അഭിമാനത്തോടെ മിണ്ടാതെ ഇരുന്നതേയൊള്ളൂ.

സഹനങ്ങളെ ശാന്തതയോടെ സഹിക്കുമ്പോൾ സഹനത്തിന് കാരണമായവൻ വരെ വിളിച്ച് പറയുന്നു, "സത്യമായും ഇവൻ ദൈവപുത്രനാണ്..." സഹനങ്ങളെ ശാന്തതയോടെ സഹിക്കുക... ദൈവപുത്രരാവുക....

സഹനങ്ങൾ സമർപ്പണങ്ങളാകണമെങ്കിൽ സ്വമനസാലെ, സന്തോഷത്തോടെ അവയെ സ്വീകരിക്കുകയും സമർപ്പിക്കുകയും ചെയ്യുമ്പോഴാണ്. അതുകൊണ്ട് തന്നെ, എല്ലാ സഹനങ്ങളും നമ്മളെ വിശുദ്ധീകരിക്കണമെന്നില്ല. മറിച്ച്, സഹനങ്ങളെ സന്തോഷത്തോടെ സമർപ്പിക്കുമ്പോൾ മാത്രമാണ് അവ വിശുദ്ധീകരണത്തിന് കാരണമാകുന്നത്. "ഞാൻ സ്വമനസ്സാ സമർപ്പിക്കുകയാണ്. അതു സമർപ്പിക്കാനും തിരികെ എടുക്കാനും എനിക്കധി കാരമുണ്ട്..." (യോഹ 10,18). "പിതാവേ, അങ്ങയുടെ കരങ്ങളിൽ എൻെറ ആത്മാവിനെ ഞാൻ സമർപ്പിക്കുന്നു" (ലൂക്കാ 23,46). സമർപ്പണത്തിനുള്ള ഏറ്റവും നല്ല മാതൃകയാണിത്. ഗത്യാന്തരമില്ലാതെ സഹിക്കുകയല്ല വേണ്ടത്. മറിച്ച്, ബോധപൂർവ്വം സ്വീകരിക്കുകയും സ്നേഹപൂർവ്വം വിശുദ്ധീകരണത്തിന് നിന്നുകൊടുക്കുകയും വേണം. അത്തരം സഹനങ്ങളുടെ മാറ്റ് "24 ക്യാരറ്റാണ്!"

***"മനുഷ്യപുത്രൻ വന്നിരിക്കുന്നത്,***
***ശുശ്രൂഷിക്കപ്പെടാനല്ല, ശുശ്രൂഷിക്കാനും സ്വന്തം ജീവൻ അനേകർക്കു വേണ്ടി***
***മോചനദ്രവ്യമായി നൽകാനുമത്രേ."***

**മർക്കോസ് 10,45**

ഫാ. ജോബി മെനോത്ത് : +91 944 7777 931